(ഇ) ഉണ്ട്.

(എഫ്) പാതകൾ തെളിക്കുക, അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുക, മരത്തിനുമുകളിൽ ഏറുമാടം കെട്ടുക, സങ്കേതത്തിൽ വന്യ ജീവികൾക്കുവേണ്ടി ഉപ്പിടിൽ നടത്തുക, ഈ വക ജോലികൾക്കും സിംഹ സഫാരി പാർക്ക്, ഡിപ്പാർട്ടുമെന്റ് വക ബോട്ടുകൾ എന്നിവയിലെ ജോലിക്കും ആദിവാസികളെ നിയോഗിക്കുന്നുണ്ട്.

നെയ്യാർ, പേപ്പാറ വന്യമൃഗ സംരക്ഷണകേന്ദ്രങ്ങളിലെ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് ചെലവായ തുക

1338. [2011] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) നെയ്യാർ വന്യമൃഗസംരക്ഷണ കേന്ദ്രത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾക്കായി ഇതുവരെ എത്ര രൂപ ചെലവായിട്ടുണ്ട് ;

(ബി) പേപ്പാറ വന്യമൃഗസംരക്ഷണകേന്ദ്രം ആരംഭിച്ചതിനുശേഷം ഇതുവരെ എത്ര രൂപ അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു ?

ഉത്തരം

(എ) 1,19,293 രൂപ ചെലവായിട്ടുണ്ട്.

(ബി) 59,393.17 രൂപ ചെലവഴിച്ചിട്ടുണ്ട്.

ചീങ്കണ്ണി കടിച്ചവർക്കു നഷ്ടപരിഹാരം

1339. [2012] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) നെയ്യാർ ജലാശയത്തിൽ വളർത്തുന്ന ചീങ്കണ്ണിമൂലം കടിയേറ്റവർക്ക് വനംവകുപ്പ് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ചീങ്കണ്ണി വളർത്തൽ കേന്ദ്രം ആരംഭിച്ചതിനുശേഷം എത്ര രൂപ ചെലവായിട്ടുണ്ട്. ഓരോ വർഷത്തേയും കണക്ക് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

1984-85-ൽ ചീങ്കണ്ണി കടിച്ചതിന്റെ പേരിൽ 2170 രൂപയും 1985-86-ൽ 3825 രൂപയും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ബി) 6,83,489.33 രൂപ ചെലവായിട്ടുണ്ട്. വർഷംപ്രതി ചെലവായ തുകയുടെ കണക്ക് താഴെ പറയുംപ്രകാരമാണ്.

1976-77	..	19,760.00	രൂപ
1977-78	..	8,230.00	,,
1978-79	..	2,55,753.00	,,
1979-80	..	9,021.00	,,
1980-81	..	18,336.00	,,
1981-82	..	28,800.00	,,
1982-83	..	33,218.24	,,
1983-84	..	68,120.35	,,
1984-85	..	36,179.74	,,
1985-86	..	2,06,071.00	,,

LIBRARY ARCHIVES Kerala Legislative Assembly